**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 85** **18-09-2025 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ്ഗ, മറ്റ് പിന്നാക്ക വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് പൈലറ്റുമാരാകാൻ ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീമതി ദെലീമ,<br>ശ്രീ. എ. രാജ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് പട്ടികജാതി, പട്ടികവർഗ്ഗ, മറ്റ് പിന്നാക്ക വിഭാഗങ്ങളിലെ എത്ര വിദ്യാർത്ഥികൾക്ക് പൈലറ്റ്മാരാകുന്നതിനുള്ള ഏവിയേഷൻ കോഴ്സ് പഠിക്കുന്നതിന് ധനസഹായം നൽകിയിട്ടുണ്ടെന്നും ഇതിനായി എത്ര തുക നൽകിയിട്ടുണ്ടെന്നുമുള്ള കണക്ക് ലഭ്യമാണോ; എങ്കിൽ വിശദമാക്കാമോ; | (എ) | ഈ സർക്കാരിന്റെ കാലത്ത് 5 പട്ടികജാതി വിദ്യാർത്ഥികൾക്കും 3 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും, 2 പിന്നാക്ക വിഭാഗ വിദ്യാർത്ഥികകളും ഉൾപ്പടെ ആകെ 10 വിദ്യാർത്ഥികൾക്ക് പൈലറ്റുമാരാകുന്നതിനുള്ള ഏവിയേഷൻ കോഴ്സ് പഠിക്കുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്. ഇതിനായി ആകെ 1,85,94,000/- രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) | 2016 മുതൽ 2021 വരെ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര വിദ്യാർത്ഥികൾക്ക് പ്രസ്തുത ഏവിയേഷൻ കോഴ്സ് പഠിക്കുവാൻ തുക അനുവദിച്ചിട്ടുണ്ടെന്നും എത്ര തുകയാണ് അനുവദിച്ചതെന്നുമുള്ള കണക്ക് ലഭ്യമെങ്കിൽ നൽകാമോ; | (ബി) | 2016 ഏപ്രിൽ മുതൽ 2021 മാർച്ച് വരെ ഏവിയേഷൻ കോഴ്സ് പഠിക്കുവാനായി പട്ടികജാതി വിഭാഗത്തിൽപ്പെട്ട 5 വിദ്യാർത്ഥികൾക്കും, 2 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും ഉൾപ്പടെ ആകെ 7 വിദ്യാർത്ഥികൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. ഇതിനായി ആകെ 74,62,320/- രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) | 2011-2016 സർക്കാരിന്റെ കാലയളവിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് എത്ര തുക പ്രസ്തുത ഏവിയേഷൻ കോഴ്സ് പഠിക്കാൻ ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) | 2011-2016 സർക്കാരിന്റെ കാലയളവിൽ ഏവിയേഷൻ കോഴ്സ് പഠിക്കുവാനായി പട്ടികജാതി വിഭാഗത്തിൽപ്പെട്ട 6 വിദ്യാർത്ഥികൾക്കും, 1 പട്ടികവർഗ്ഗ വിദ്യാർത്ഥിക്കും ഉൾപ്പടെ ആകെ 7 വിദ്യാർത്ഥികൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. ഇതിനായി ആകെ 86,49,620/- രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ